3195
23/2/21

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പാലക്കാട് ജില്ല – 18.10.2020, 19.10.2020 എന്നീ തീയതികളിൽ പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമ പഞ്ചായത്തിലെ ചെല്ലങ്കാവ് കോളനിയിൽ വിഷമദ്യം കഴിച്ചതിനെത്തുടർന്ന് മരണപ്പെട്ടവരുടെ ആശ്രിതർക്കും ചികിത്സയിൽ കഴിയുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

**ജി.ഒ. (എം.എസ്) നമ്പർ.76/2021/റവ.** **തിരുവനന്തപുരം, തീയതി, 20.02.2021**

---

പരാമർശം : 1. 20.10.2020 തീയതിയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ബി1.11676/20 നമ്പർ കത്ത്.

2. 03.01.2021 തീയതിയിലെ പാലക്കാട് ജില്ലാ കളക്ടറുടെ DCPKD/9549/2020-D4 നമ്പർ കത്ത്.

3. 10.02.2021 തീയതിയിലെ പാലക്കാട് ജില്ലാ കളക്ടറുടെ DCPKD/9549/2020-D4 നമ്പർ കത്ത്.

### ഉത്തരവ്

18.10.2020, 19.10.2020 എന്നീ തീയതികളിൽ പുതുശ്ശേരി ചെല്ലങ്കാവ് പട്ടികവർഗ്ഗ കോളനിയിൽ ഉണ്ടായ വിഷമദ്യ ദുരന്തത്തിൽ 5 പേർ മരിക്കുകയും 8 പേർ ചികിത്സയിൽ കഴിയുകയുമുണ്ടായി. മരണപ്പെട്ട ശിവൻ, മൂർത്തി എന്നിവരുടെ ആശ്രിതരായ മൂന്ന് കുട്ടികൾക്ക് (ഷിബിൻ(12), ഷിബു (8), ഷിബില (5)) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും **5,00,000/-** രൂപ (അഞ്ചു ലക്ഷം രൂപ) വീതം ആകെ 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചുകൊണ്ടും പ്രസ്തുത തുക ബാങ്കിൽ നിക്ഷേപിച്ച് ലഭിക്കുന്ന പലിശ ഇവരുടെ പഠനാവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും മരണപ്പെട്ട അയ്യപ്പൻ, മകൻ അരുൺ എന്നിവരുടെ നിയമാനുസൃത അവകാശിയായ ശ്രീമതി. കമലത്തിന് 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും ചികിത്സയിൽ കഴിയുന്ന 8 പേർക്ക് 50,000/- രൂപ (അൻപതിനായിരം രൂപ) വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി ആകെ വരുന്ന **22,00,000/- രൂപ (ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ഡോ. എ.ജയതിലക്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ജില്ലാ കളക്ടർ, പാലക്കാട്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ്   പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
പൊതുഭരണ (എസ്. സി.) വകുപ്പ്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**